**പതിമൂന്നാംകേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത** | **14.06.2012 - ൽ** |
| **ചോദ്യം നം.1171** | **മറുപടിക്ക്** |

# അമ്പലപ്പുഴ മണ്ഡലത്തിലെ ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജി. സുധാകരൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി)** |

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ദേശീയ പാത വികസിപ്പിക്കുന്നതിന്റെ അലൈൻമെന്റ് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭാഗം എത്ര വരി ദേശീയപാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(എ) & (ബി) നിലവിലുള്ള ദേശീയപാത 47 ചേർത്തല മുതൽ ഓച്ചിറ വരെ (കി.മീ.379/100 മുതൽ കി.മീ.465/000 വരെ) 45 മീറ്റർ വീതിയിൽ നാല് വരി/ ആറ് വരി പാതയായി വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ അമ്പലപ്പുഴ മണ്ഡലത്തിലെ താഴെപ്പറയുന്ന ഭാഗങ്ങൾ ഉൾപ്പെടുന്നു:

1. കൊമ്മാടി മുതൽ ആലപ്പുഴ എസ്.ഡി.കോളേജ് വരെ (കി.മീ. 408/100 മുതൽ കി.മീ. 414/800 വരെ)
2. എസ്.ഡി.കോളേജ് മുതൽ പുന്നപ്ര സ്കൂൾ വരെ (കി.മീ.414/800 മുതൽ 419/300 വരെ)
3. പുന്നപ്ര സ്കൂൾ മുതൽ അമ്പലപ്പുഴ റെയിൽവേ മേൽപ്പാലം വരെ (കി.മീ.419/300 മുതൽ കി.മീ.423/330 വരെ)
4. അമ്പലപ്പുഴ (കി.മീ. 423/330 മുതൽ കി.മീ.424/750 വരെ)
5. അമ്പലപ്പുഴ മുതൽ കരുവാറ്റ വരെ (കി.മീ.424/750 മുതൽ 436/100 വരെ)

| | | | |
|---|---|---|---|
| (സി) | ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ വ്യാപാരസ്ഥാപനങ്ങളും, വീടുകളും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; | (സി) | സംസ്ഥാന സർക്കാർ 15.11.2011 -ലെ സ.ഉ.(കയ്യെഴുത്ത്) നം.419/2011/റവ പ്രകാരം പുനരധിവാസ പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടി വ്യാപാര സ്ഥാപനങ്ങളും വീടുകളും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിക്കുന്നതാണ്. |
| (ഡി) | സ്ഥലം ഏറ്റെടുക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; | (ഡി) | ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റിയാണ് ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നത്. |
| (ഇ) | നിലവിലുള്ള ദേശീയപാതയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ നിന്നും തുല്യമായാണോ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഇ) | അംഗീകരിച്ചിട്ടുള്ള അലൈൻമെന്റ് പ്രകാരം അമ്പലപ്പുഴ മണ്ഡലത്തിലെ നിലവിലുള്ള ദേശീയപാത 47 വികസിപ്പിക്കുന്നതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു. |

Salitha

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ചെയിനേജ് | വീതികൂട്ടുന്നതിനുള്ള നിർദ്ദേശം | നീളം | വീതി കൂട്ടുന്നതിനുള്ള കാരണം. |
|---|---|---|---|---|
| 1 | കൊമ്മാടി മുതൽ ആലപ്പുഴ എസ്.ഡി.കോളേജ് വരെ (കി.മീ. 408/100 മുതൽ കി.മീ. 414/800 വരെ | Nil | 6.700 | ആലപ്പുഴ ബൈപ്പാസിനുവേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം - 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. |
| 2 | എസ്.ഡി.കോളേജ് മുതൽ പുന്നപ്ര സ്കൂൾ വരെ (കി.മീ.414/800 മുതൽ 419/300 വരെ) | RHS (Right Hand Side) | 4.500 | റോഡിലെ വളവുകൾ നിവർക്കുന്നതിന് |
| 3 | പുന്നപ്ര സ്കൂൾ മുതൽ അമ്പലപ്പുഴ റെയിൽവേ മേൽപ്പാലം വരെ (കി.മീ.419/300 മുതൽ കി.മീ.423/330 വരെ | LHS (left Hand Side) | 4.030 | വളവ് നിവർത്തുന്നതിനും വലതുഭാഗത്തുള്ള മെഡിക്കൽ കോളേജ്, രണ്ട് മോസ്കുകൾ, ഒരു പള്ളി, 110 കെ.വി. സ്റ്റേഷൻ എന്നിവ പൊളിച്ചു മാറ്റുന്നത് ഒഴിവാക്കുന്നതിനും വേണ്ടി |
| 4 | അമ്പലപ്പുഴ (കി.മീ. 423/330 മുതൽ കി.മീ.424/750 വരെ) | Nil | 1.420 | അമ്പലപ്പുഴ ടൗണിൽ എലിവേറ്റഡ് ഫ്ലൈഓവർ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആയതിനാൽ സ്ഥലം എടുക്കേണ്ട ആവശ്യമില്ല. |
| 5 | അമ്പലപ്പുഴ മുതൽ കരുവാറ്റ വരെ (കി.മീ.424/750 മുതൽ 436/100 വരെ) | LHS (Left Hand Side) | 11.350 | വളവ് നിവർക്കുന്നതിനും കൂടാതെ വലതുഭാഗത്ത് പുറക്കാട്, തോട്ടപ്പള്ളി കടൽ ഭാഗം വളരെ അടുത്തായതിനാലും. |

Lalitha

സെക്ഷൻ ഓഫീസർ